# സെന്റ് മൈക്കിൾസ് എച്ച്.എസ്സ്.എസ്സ്

## കഠിനംകുളം



# നിറങ്ങൾ

2018-19

# താളുകളിൽ


| | |
|---|---|
| ലിറ്റിൽ കൈറ്റ്സ് | 1 |
| ഞങ്ങൾ കുട്ടിപ്പട്ടങ്ങൾ | 2 |
| പ്രവേശനോത്സവം | 3 |
| പരിസ്ഥിതി ദിനം | 4-5 |
| ലഹരിവിരുദ്ധദിനം | 6 |
| ശിശുദിനം , റെഡ് ക്രോസ് | 7 |
| ചെറുകഥ | 8-11 |
| സ്വാതന്ത്ര്യദിനം | 12 |
| ചിത്രപ്രദർശം | 1 3 |

# സെൻ്റ് മൈക്കിൾസ് എച്ച്.എസ്സ്.എസ്സ്
# കഠിനംകുളം

## ലിററിൽ കൈററ്സ്



<u>ഞങ്ങൾ കുട്ടിപ്പട്ടങ്ങൾ</u>

അനന്തതയെ സ്വപ്നം കാണുന്ന വലിയ പട്ടങ്ങളാകാനുള്ള ഒരുക്കത്തിന്റെ

ശൈശവത്തിലാണ് ഞങ്ങൾ. വിവരസാങ്കേതികവിദ്യയുടെ അനന്ത സാദ്ധ്യതകൾ ജനങ്ങൾക്ക് മുന്നിൽ തുറന്നിട്ട സംരംഭമാണ് ലിറ്റിൽ കൈറ്റ്സ്.

എല്ലാ ബുധനാഴ്ചയും രാവിലെ ഒരുമണിക്കൂർ അഞ്ചിലെ ടീച്ചറും വൈകുന്നേരം ട്രയിൻ ടീച്ചറും ഞങ്ങൾക്ക് പരിശീലനം നൽകുന്നു .ഒരുപാടു മുന്നേറിയന്നെന്നും അവകാശപ്പെടുന്നില്ല . മലയാളം ടൈപ്പിംഗ് ,പൈത്തൺ , അനിമേഷൻ എന്നിവയിലൊക്കെ ചെറിയ ചുവടു വെച്ചു.

ഒന്നുറപ്പിയ്ക്കാം.മുന്നേറും ,തീർച്ചയായും ഞങ്ങൾ മുന്നേറും

അന്ന അലക്സാണ്ടർ , ഷാരോൺ

ലിറ്റിൽ കൈറ്റ്സ്

# പ്രവേശനോത്സവം



















# പരിസ്ഥിതിദിനം

ഭൂമി അമ്മയാണ് .അമ്മയെ സംരക്ഷിക്കേണ്ടത് മക്കളുടെ കടമയാണ് .

ആ ബോധ്യം ഞങ്ങൾക്കുണ്ട് . അതിൻറെ നേർ സാക്ഷ്യമാണ്

പരിസ്ഥിതിദിനാചരണം.

അലീന

ലിറ്റിൽ കൈറ്റ്

# ലോകപരിസ്ഥിതി ദിനം







# ലഹരിവിരുദ്ധ ദിനം

















# ശിശുദിനവും



# റെഡ്ക്രോസ് ഉൽഘാടനവും

ചെറുകഥ

# പണം കായ്ക്കുന്ന പാഴ് മരങ്ങൾ

ജപ്തിയാകുന്നതിനു മുൻപ് വിൽക്കാനായത് ഭാഗ്യം ! മോഹിച്ച വില കിട്ടിയില്ലെങ്കിലും തെറ്റില്ലാത്ത വില കിട്ടി. മരുഭൂമിയിലെ 20 വർഷത്തെ പ്രവാസ ജീവിതത്തിന്റെ ബാക്കിപത്രം ! ഒരായുസ്സിന്റെ വില! കടമെല്ലാം വീട്ടാൻ തന്നെ ഇതിന്റെ മുക്കാൽ പങ്കും വേണം. ബാക്കികൊണ്ടു ഈ നാട്ടിൽ ഇനിയൊരു വീട് വാങ്ങാനാകുമെന്ന തോന്നുന്നില്ല.കുഗ്രാമത്തിലെങ്കിലും , സ്വന്തമായി ഒരു വീട് വാങ്ങാൻ കഴിഞ്ഞെങ്കിൽ മതിയായിരുന്നു .അതുവരെ വാടകവീടുതന്നെ ശരണം .

എങ്ങനെ കഴിഞ്ഞതാ !ഗൾഫിൽ മികച്ച ജോലിയും ശമ്പളവും! സമ്പത്തു കുമിഞ്ഞുകൂടാൻ തുടങ്ങിയപ്പോൾ ഭാര്യക്കെല്ലാം പഴഞ്ചനായി .ഓടിട്ട തറവാടും മരങ്ങളും പശുവും താറാവും കോഴിയുമെല്ലാം ശല്യമായി . കൊഴിഞ്ഞ ഇലയും പൂക്കളുമെല്ലാം നിരന്തരം ശാപവാക്കുകൾക്കിരയായി . രാവിലേയും വൈകുന്നേരവും വീടും മുറ്റവുമടിക്കുന്നത് അമ്മ ദിനചര്യയുടെ ഭാഗമാക്കിയെങ്കിലും ഭാര്യക്കത്

അസ്വസ്ഥതയായി . കുളിയും തേവാരവും കാവിലെ വിളക്കുവയ്ക്കലും തുളസിത്തറയുടെ പരിശുദ്ധികാക്കലും അമ്മക്ക് ജീവശ്വാസംപോലെ തന്നെയായിരുന്നു .

കണ്ടത്തിലെ നെല്ലും പറമ്പിലെ തേങ്ങാ ,ചേന ,കാച്ചിൽ ,ചേമ്പ് എന്നിവയെല്ലാം സമ്പന്നമാക്കിയ പത്തായവും നിത്യോപയോഗത്തിനുള്ള പച്ചക്കറികളും വീടിന്റെ ഐശ്വര്യം വർധിപ്പിച്ചുകൊണ്ടിരുന്നു . ലോറിയാത്രികരായ നിത്യോപയോഗ സാധനങ്ങൾ കേട്ടുകേൾവിപോലുമില്ലായിരുന്നു .മനുഷ്യമനസ്സിലെ മതിൽക്കെട്ടുകൾ പറമ്പിനു ചുറ്റും ബാഹ്യരൂപം സ്വീകരിക്കുന്ന ഇന്നിന്റെ ലോകത്തിന് മതിൽക്കെട്ടുകൾ ഇല്ലാതിരുന്ന ഒരു കാലം തികച്ചും അപരിചിതമായിരിക്കും .

സായിപ്പിന്റെ വിദ്യാഭ്യാസം നേടിയതുകൊണ്ടാകണം ,ഡിഗ്രിക്കാരനായതോടെ കൈക്കോട്ടും മണ്ണും ചേറുമെല്ലാം അക്കാലത്തു എന്നെ സംബന്ധിച്ച് അശുദ്ധവസ്തുക്കളായിരുന്നു .

വിമാനമേറി ഗൾഫിലെത്തിയപ്പോഴാണ് മണലാരണ്യത്തിന്റെ കൊടുംചൂടിൽ സ്വന്തം ഗ്രാമത്തിന്റേയും തറവാടിന്റേയും ശീതളിമ ബോധ്യപ്പെട്ടത് .യാന്ത്രികമായി പണിയെടുക്കുന്നു, ഉറങ്ങുന്നു . മികച്ച ശമ്പളം ,ആദ്യമാദ്യം സന്തോഷം തന്നെയാണ് സമ്മാനിച്ചത് .

നാട്ടിലെ കൂട്ടുകാരും, ക്ലബ്ബും ആഘോഷങ്ങളും വൈകുന്നേരത്തെ മൈതാനത്തിലെ കളിയും സമ്മാനിച്ച സന്തോഷം തരാൻ കൈനിറയെ കിട്ടുന്ന ദിർഹത്തിനു കഴിയില്ലെന്ന് ബോധ്യപ്പെടാൻ അധികകാലം വേണ്ടിവന്നില്ല .അച്ഛനമമ്മയും കൂട്ടുകാരും ചിരട്ടപ്പുട്ടും പാൽക്കഞ്ഞിയും കിണറ്റിലെ വെള്ളത്തിന്റെ തണുപ്പും പകരം വയ്ക്കാനാകാത്ത നന്മയാണെന്നു തിരിച്ചറിയാൻ പ്രവാസജീവിതം വേണ്ടിവന്നു .

കാലചക്രത്തിന്റെ കറക്കത്തിനിടയിൽ ജീവിതത്തിന്റെ അനിവാര്യതയെന്നപോലെ വിവാഹവും കഴിഞ്ഞു. ഭർത്താവിനെ പണം കായ്ക്കുന്ന മരമായി മാത്രം കാണുന്ന ഭാര്യ , ജീവിതത്തിന്റെ ദുരന്തമാണ് . അവളുടെ ഫോൺ വിളികൾ ആവശ്യങ്ങളുടെ പട്ടികയായി ചുരുങ്ങിയപ്പോൾ 'ചേട്ടന് സുഖമാണോയെന്നു ' അവൾ ചോദിച്ചിരുന്നെങ്കിൽ എന്ന് വെറുതെ ആശിച്ചു .തങ്ങൾ ആവശ്യപ്പെട്ടതെല്ലാം വാങ്ങിക്കൂട്ടി

രണ്ടുവർഷത്തിലൊരിക്കൽ വന്നെത്തുന്ന കൊറിയർ സുർവീസുകാരന്റേതായിരുന്നു മക്കളുടെ മനസ്സിലെ അച്ഛന്റെ സ്ഥാനം !

നഗരത്തിലേക്ക് ചേക്കേറാമെന്ന ഭാര്യയുടെ നിർദേശം ക്രമേണ ശാഠ്യമായി മാറി .കുട്ടികളുടെ പഠനത്തിന് നല്ല സ്കൂളും ട്യൂഷനും എൻട്രൻസ് കോച്ചിങ്ങിനും ഉള്ള സൗകര്യവും ഈ ഓണംകേറാമൂലയിലുണ്ടോ എന്ന അവളുടെ ചോദ്യവും എന്നെ വല്ലാതെ വേദനിപ്പിച്ചു .നാട്ടിലെ പള്ളിക്കൂടത്തിൽ പഠിച്ചുതന്നെയാണ് ഞാൻ ഈ നിലയിലെത്തിയതെന്നു പറയാൻ തോന്നിയെങ്കിലും സംയമനം പാലിച്ചു.

നഗരത്തിലേക്ക് മാറാമെന്ന നിർദേശം വച്ചപ്പോഴുള്ള അച്ഛന്റെ മനസ്സിലെ തീ ഞാൻ കണ്ടതാണ് .കാരണവന്മാരുടെ കാലടി പതിഞ്ഞ, അവരുടെ ഗന്ധമുള്ള ,അസ്ഥിത്തറയുള്ള ഈ മണ്ണ് വിൽക്കുകയോ? നഗരം എന്ന വാക്കുതന്നെ അച്ഛന്റെ കോപം ജ്വലിപ്പിച്ചു .തറവാട് പൊളിച്ചു പുതിയ വീടുപണിയാം എന്ന നിർദ്ദേശത്തോടെ ഭാര്യയുമായി സന്ധി ചെയ്തു .പിറന്ന മണ്ണെങ്കിലും അന്യമാകില്ലല്ലോ !

മകന്റെ സ്വൈരജീവിതമോർത്തു ശിവ ,ശിവ എന്ന് നിശ്വസിച്ചു അച്ഛനമ്മമാർ ,തറവാട് പൊളിക്കുന്നതിനെതിരേയുള്ളതങ്ങളുടെ പ്രതിഷേധമൊതുക്കി.ബാങ്ക് ബാലൻസിന്റെ ഇരട്ടിവേണം ആർകിടെക്ടിന്റെ വരകൾ യാഥാർഥ്യമാക്കാൻ .അതിനും പരിഹാരം അവളുടെ പക്കലുണ്ടായിരുന്നു. ബാങ്ക് ലോൺ ! അതെങ്ങനെ വീട്ടുമെന്നോ ,അത് വീട്ടാനുള്ള സമ്പത്തുണ്ടാക്കാൻ തക്ക ആരോഗ്യം എനിക്കുണ്ടന്നോ അവൾക്കറിയണ്ട !

തകൃതിയായിത്തന്നെ പണി തുടങ്ങി .നിർമ്മാണസാമഗ്രികൾ പറമ്പിലെത്തിക്കാനും വീടുപണിയാനുമായി തെങ്ങും മാവും പ്ലാവും അമ്പഴവുമൊക്കെ മുറിച്ചുതള്ളുമ്പോൾ മക്കളെ നഷ്ടപ്പെട്ടവരെപ്പോലെ അച്ഛനമ്മമാർ മുറിക്കുള്ളിലിരുന്നു തേങ്ങി .ഒരു മരം മുറിക്കുമ്പോൾ അനേകം ജീവജാലങ്ങളുടെ വീടാണ് നശിപ്പിക്കപ്പെടുന്നതെന്ന ബോധ്യം നൽകാൻ അവളുടെ ഇരട്ട ബിരുദാനന്തര ബിരുദങ്ങൾക്കായില്ല .

വൃക്ഷപൂജ ചെയ്തു മരത്തോടും അതിൽ കൂടൊരുക്കിയിരിക്കുന്ന കിളികളോടും മറ്റു ജീവജാലങ്ങളോടും ഉറുമ്പിനോടുപോലും അനുവാദം ചോദിച്ചു,,ഏറ്റവും അത്യാവശ്യഘട്ടത്തിൽ മാത്രമേ തറവാട്ടിൽ മരം മുറിച്ചിരുന്നുള്ളു .മരം മുറിക്കുന്നതിന് മുൻപുതന്നെ പകരം നട്ടിരിക്കണമെന്നത് തറവാട്ടിലെ അലിഖിത നിയമമാണ് .ഞാനിതാ അതും ലംഘിച്ചിരിക്കുന്നു .അന്ധവിശ്വാസികളെന്നു കളിയാക്കി അവൾ പരിഹസിച്ചു .മുറിച്ചിട്ടിരിക്കുന്ന മരങ്ങൾ അംഗഭംഗം സംഭവിച്ചു വേദനകൊണ്ടു പിടയുന്നതായി തോന്നി. ഈ പാപമെല്ലാം ഞാൻ ഏതു ഗംഗയിൽ കഴുകും ?

പ്രകൃതിയുടെ ചങ്ങാതിയായ ,നട്ടുച്ചയ്ക്കുപോലും കുളിർമ്മയേകിയ,കളിചിരികളുടെ കലപിലയുള്ള ,കാരണവന്മാരുടെ ഉച്ഛ്വാസനിശ്വാസങ്ങൾ തങ്ങിനിൽക്കുന്ന, ഞാൻ പിച്ചവച്ചു കളിവീട്, ജെ സി ബി യുടെ കരാളഹസ്തങ്ങളാൽ ഏതാനും മണിക്കൂറുകൾക്കിടയിൽ സ്വപ്നങ്ങളുടെ ശവപ്പറമ്പായിമാറി.

കൂട്ടംതെറ്റിയ ഒറ്റയാനെപ്പോലെ ഉയർന്നുവന്ന പുതിയവീട് ഭാര്യയെ സന്തോഷിപ്പിച്ചുകൊണ്ടേയിരുന്നു .ഇന്റീരിയർ ,എക്സ്റ്റീരിയർ എന്നൊക്കെപ്പറഞ്ഞു ലക്ഷങ്ങൾ, കേവലം നാണയത്തുട്ടുകളുടെ ലാഘവത്തോടെ ആർകിടെക്റ്റ് കൈക്കലാക്കുമ്പോൾ അവളുടെ സന്തോഷം കണ്ടു ഞാൻ അമ്പരന്നു .ഞാൻ വെറുമൊരു ധനാഗമ യന്ത്രം മാത്രം! വീടുവച്ചു , ആഘോഷമായിത്തന്നെ പാലുകാച്ചിക്കയറിയെങ്കിലും ആ കോൺക്രീറ്റ് കെട്ടിടത്തെ വീടായിക്കാണാൻ എനിക്കായില്ല .പുട്ടുകുറ്റിലകപ്പെട്ട പുട്ടുപൊടിയുടെ അവസ്ഥയിൽ വെന്തുരുകനായിരുന്നു എന്റെ വിധി .

കടബാധ്യതയുടെ മാറാപ്പുമായി മണലാരണ്യത്തിലേക്ക മടങ്ങുമ്പോൾ അടുത്ത വരവിനു പുത്തൻവീട്ടിലേക്ക കൊണ്ടുവരാനുള്ള സാധനങ്ങളുടെ പട്ടിക ഏല്പിച്ചു ഇതിന്റെ കാര്യം മറക്കല്ലേയെന്നു അവൾ പ്രതേകം ഓർമിപ്പിച്ചു .മക്കൾ അവരവരുടെ ലിസ്റ്റ് നേരത്തെ ഏൽപ്പിച്ചിരുന്നു .മക്കൾ അവരവരുടെ ലിസ്റ്റ് നേരത്തെ ഏൽപ്പിച്ചിരുന്നു .വറചട്ടിയിൽ നിന്ന് എരിതീയിലേക്ക ഈയാംപാറ്റ മടങ്ങുകയായി .

എണ്ണയുടെ വിലയിടിവ് ,സാമ്പത്തികമാന്ദ്യം ,സ്വദേശിവൽക്കരണം .......അരുതാത്തത് സംഭവിക്കുകതന്നെ ചെയ്തു .ജോലിയിൽ നിന്ന് പിരിച്ചുവിടുകയാണെന്ന അറിയിപ്പ് കണ്ണിൽ ഇരുട്ട് നിറച്ചു.

വീട്ടിൽ വിവരമറിയിച്ചു. വീട്ടിൽ നിന്നുള്ള വിളിയുടെ എണ്ണം കുറഞ്ഞു.ഒരായുസിന്റെ കടബാധ്യത, കുട്ടികളുടെ പഠനച്ചെലവ്,വൃദ്ധരായ മാതാപിതാക്കൾ,..... ആലോചിച്ചിട്ട് ഒരെത്തുംപിടിയും കിട്ടുന്നില്ല .

തിരികെ വീട്ടിലെത്തിയപ്പോൾ ഭാര്യയുടെയും മക്കളുടെയും പഴയ ആവേശമൊന്നും കണ്ടില്ല.വലിഞ്ഞുകയറിവന്നവന്റെ അവസ്ഥ !

പതിവുപോലെ നെറുകയിൽ മുത്തം നൽകി മാതാപിതാക്കൾ .മകന്റെ ജീവിതത്തിലെ കരടാകാതിരിക്കാൻ എന്നും മൗനത്തിന്റെ വാത്മീകത്തിലൊളിച്ച അവരുടെ ദൈന്യത എന്റെ നൊമ്പരക്കടലിന്റെ ആഴം കൂട്ടി .

പണമില്ലാത്തവൻ പിണമെന്നു കാലം വീണ്ടും തെളിയിച്ചു. കടബാധ്യതയേറി. നിത്യവൃത്തിക്കുപോലും നിവൃത്തിയില്ലാതായപ്പോഴാണ് വീടുവിറ്റാലോ എന്ന ആശയം ഭാര്യ മുന്നോട്ടുവച്ചത് .മുഖമടച്ചു ഒന്ന് കൊടുക്കാനാണ് തോന്നിയത് . പക്ഷെ ,രണ്ടു ആത്മാക്കൾ ,ഒരിക്കലുമൊന്നിനും തടസ്സം നിൽക്കാത്തവർ ,മകന്റേയും കുടുംബത്തിന്റേയും സുസ്ഥിതി മാത്രം സ്വപ്നം കണ്ടവർ, അവരെ വേദനിപ്പിക്കാൻ വയ്യാ.

പക്ഷേ, കാലിനടിയിലെ മണ്ണ് ചോർന്നുപോകാൻ തുടങ്ങിയപ്പോഴേക്കും തീരുമാനം മാറ്റേണ്ടിവന്നു. വീടും പറമ്പും വിൽക്കുകതന്നെ .കാരണവന്മാരുടെ അസ്ഥിത്തറ, കാവ്, അന്നമൂട്ടിയ പറമ്പ് ,അമ്മയുടെ പ്രതിഷേധം കണ്ണീരായി പെയ്തിറങ്ങി .അച്ഛൻ മൗനവാത്മീകം കൂടുതൽ ബലപ്പെടുത്തി .

പകുതിയിലധികംവേണം കടബാധ്യത തീർക്കാൻ. മറ്റെവിടെയെങ്കിലുംഇത്തിരിമണ്ണ്,തലചായ്ക്കാൻ സ്വസ്ഥമായൊരിടം !അച്ഛനമ്മമാരുടെ കണ്ണീർ ഇനിയൊരിക്കലും തോരില്ലെന്നറിഞ്ഞിട്ടും,അവർക്കു തന്നെയൊരിക്കലും ശപിക്കാനാവില്ലെന്ന തിരിച്ചറിവാണ് ആത്മഹത്യയുടെ മുനമ്പിൽ നിന്ന് തിരികെ വിളിച്ചത്.

ഓരോ പ്രവാസിയും പാഴ്ജന്മം തന്നെയാണ് .പണം കായ്ക്കുന്ന പാഴ്മരം ! വരുമാനമില്ലാത്തയാൽ ചണ്ടി! വെറും ചണ്ടിമാത്രം! ദൈവമേ, എന്തിനു ഇങ്ങനെയൊരു ജന്മം. വെറുമൊരു പാഴ്ജന്മം !

TERRIN LAWRENCE
ST MICHAELS HSS,

KADINAMKULAM

# സ്വാതന്ത്ര്യദിനാഘോഷം















# സ്ഥിരം ചിത്രപ്രദർശനം

## വിദ്യാലത്തിലെമുഴുവൻകുട്ടികൾക്കുംഅവസരംലഭിക്കത്തക്കവിധം ചിത്രപ്രദർശനംനടത്തിവരുന്നു



















